പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 516 26.03.2018 ൽ മറുപടിക്ക്

# റെയിൽവേ സ്വകാര്യവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ<br>,, ഇ.പി.ജയരാജൻ<br>,, പി.കെ. ശശി<br>,, വി. അബ്ദുറഹിമാൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) റെയിൽവേ സ്വകാര്യ വൽക്കരണം തീവ്രമാക്കുന്നതിന്റെ ഭാഗമായി സ്റ്റേഷനുകൾ സ്വകാര്യവൽക്കരിക്കാനും അവയോട് ചേർന്നുള്ള സ്ഥലങ്ങൾ തുച്ഛ നിരക്കിൽ ദീർഘകാല പാട്ടത്തിന് നൽകാനുമുള്ള തീരുമാനത്തിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽത്തന്നെ സംസ്ഥാനത്തെ പ്രധാന സ്റ്റേഷനുകളായ കോഴിക്കോട്, പാലക്കാട്, ഷൊർണ്ണൂർ സ്റ്റേഷനുകൾ സ്വകാര്യ വൽക്കരിക്കാൻ നടത്തുന്ന നീക്കത്തിൽ നിന്ന് പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; | (എ) പി.പി.പി മോഡൽ വഴിയായി രാജ്യത്തെ റെയിൽവേ സ്റ്റേഷനുകൾ പുനർ വികസിപ്പിക്കുന്ന പദ്ധതിയിൽ കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ നവീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകണമെന്നും റെയിൽവേ ആവശ്യപ്പെട്ടത് അനുസരിച്ച് 08.02.2017 ലെ ജി.ഒ(ആർ.റ്റി) നം. 51/2017/ഗതാ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ കോഴിക്കോട് റെയിൽവേ സ്റ്റേഷനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന പുനർ വികസനത്തിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ പ്രസ്തുത നീക്കം പാർക്കിംഗ് ചാർജ്ജിലെ വർദ്ധനവ് ഉൾപ്പെടെ സാധാരണക്കാരെ ചൂഷണം ചെയ്യുന്ന കാര്യങ്ങൾക്ക് ഇടയാകുമെന്നതിനാൽ ആയത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി ബഹു. റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. |
| (ബി) ട്രാക്കുകൾക്ക് സമീപത്തെ ഭൂമി പൊതു വികസന പദ്ധതികൾക്കായി വിട്ടുനൽകാൻ റെയിൽവേയോട് ആവശ്യപ്പെട്ടുമോ;<br>(സി) പാളം പരിശോധന, മെയിന്റനൻസ് തുടങ്ങിയവയ്ക്കായി പര്യാപ്തമായ എണ്ണം ജീവനക്കാരെയും ആവശ്യമായ ലോക്കോ പൈലറ്റുമാരെയും നിയമിക്കാതെ യാത്രക്കാരുടെ ജീവന് വിലകൽപ്പിക്കാത്ത നയം | (ബി) യും (സി) യും ട്രാക്കുകൾക്ക്സമീപത്തെ ഭൂമി പൊതു വികസന പദ്ധതികൾക്കായി വിട്ടുനൽകുന്നതും, പാളം പരിശോധന, മെയിന്റനൻസ് തുടങ്ങിയവയ്ക്കായി പര്യാപ്തമായ എണ്ണം ജീവനക്കാരെയും ആവശ്യമായ ലോക്കോ പൈലറ്റുമാരെയും നിയമിക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. |

| | | | |
|---|---|---|---|
| | തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; | | |
| (ഡി) | കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന് സംസ്ഥാനത്തെ റെയിൽവേ വികസനം കാര്യക്ഷമമായി നടത്താൻ കഴിയുമെന്നതിനാൽ വേണ്ട പദ്ധതികൾ അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് റെയിൽവേ വികസനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേക്ക് കേരളത്തിലെ വിവിധ പാതകളുടെ ഇരട്ടിപ്പും വൈദ്യുതീകരണവും സംബന്ധിച്ച വിഷയങ്ങളിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കണം എന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി റെയിൽവേ മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്.<br>കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിയ താഴെ പറയുന്ന പദ്ധതികൾ ഡിസംബർ അവസാന വാരം റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.<br>1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത<br>2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ<br>3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി<br>സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ ഉൾപ്പെടെ മുകളിൽ പ്രസ്താവിച്ച മൂന്ന് പദ്ധതികളുടെയും പ്രാഥമിക സാധ്യതാ പഠന റിപ്പോർട്ടുകൾ റെയിൽവേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിന്മേൽ റെയിൽവേ ബോർഡിൽ നിന്നുള്ള പ്രതികരണം ഇനിയും ലഭിച്ചിട്ടില്ല. |

Sd/-

സെക്ഷൻ ഓഫീസർ